97 (599) വിദഗ്ദ്ധ സമിതികളുടെ പ്രവർത്തനം

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ ശരിയായ നടത്തിപ്പിന് വിദഗ്ദ്ധ സമിതികളുടെ പ്രവർത്തനം എത്രമാത്രം ഗുണകരമാകുന്നുണ്ട് എന്ന് വിശദീകരിക്കുമോ;

(ബി) കഴിഞ്ഞ വർഷങ്ങളിൽ ഓരോ വർഷവും ഓരോ പഞ്ചായത്തും നഗരസഭകളും സമർപ്പിച്ച എത്ര പദ്ധതികൾക്കാണ് വിദഗ്ദ്ധ സമിതി അംഗീകാരം നൽകിയത്;

(സി) ഇവയിൽ ഓരോ പദ്ധതിയും എത്രമാത്രം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട് എന്നുള്ള വിവരം വിദഗ്ദ്ധ സമിതി പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 1997-98-ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ 67,787 പ്രോജക്ടുകൾ നടപ്പിലാക്കുകയുണ്ടായി. 1998-99-ൽ 1,17,175 പ്രോജക്ടുകൾ നടപ്പിലാക്കിയതായിട്ടാണ് താത്കാലിക കണക്ക്. 1997-98-ൽ പദ്ധതി അടങ്കൽ 1735 കോടി രൂപയും 1998-99-ൽ വിഭാവനം ചെയ്തിരുന്ന പദ്ധതി അടങ്കൽ 2115 കോടി രൂപയും ആണ്. ഇത്രയധികം തുകയുള്ള വിപുലമായ പ്രോജക്റ്റുകൾ സൂക്ഷ്മപരിശോധന നടത്താനും അവക്ക് സാങ്കേതിക അനുവാദം നൽകാനും വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനം സഹായകരവും അനിവാര്യവും ആണ്.

(ബി) 1997-98-ൽ വിദഗ്ദ്ധ സമിതികൾ അംഗീകരിച്ച പ്രോജക്ടുകൾ സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു,

ത.ഭ. സ്ഥാപനം	പ്രോജക്ടുകളുടെ എണ്ണം
ഗ്രാമപഞ്ചായത്ത്	50526
ബ്ലോക്ക് പഞ്ചായത്ത്	8798
ജില്ലാ പഞ്ചായത്ത്	3356
മുനിസിപ്പാലിറ്റികൾ	4214
കോർപ്പറേഷൻ	893
ആകെ	67787

1998-99-ൽ ആകെ 1,17,175 പ്രോജക്ടുകൾക്ക് അനുമതി നൽകി.

(സി) പദ്ധതി നിർവ്വഹണ ചുമതലയും മോണിറ്ററിംഗും അതാത് ത.ഭ. സ്ഥാപനമാണ് നിർവഹിക്കുന്നത്. പ്രോജക്ടുകളുടെ സാങ്കേതികവശവും ധനകാര്യ വിശകലനവും നടത്തുക, വിശദമായ എസ്റ്റിമേറ്റുകൾ അനുബന്ധ രേഖകൾ എന്നിവ തയ്യാറാക്കുക, സാങ്കേതിക അനുവാദം നൽകുക എന്നിവയാണ് വിദഗ്ദ്ധ സമിതിയുടെ ചുമതല.

98 (600) അഴിമതി ഉന്നയിച്ചുകൊണ്ടുള്ള പരാതി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98,1998-99 വർഷങ്ങളിലെ ജനകീയാസൂത്രണ നടത്തിപ്പിൽ അഴിമതിയും, ക്രമക്കേടുകളും ഉന്നയിച്ചുകൊണ്ട് സർക്കാരിന് എത്ര പരാതികൾ കിട്ടിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ എത്രയെണ്ണത്തിൽ അന്വേഷണം നടത്തി നടപടി എടുത്തു എന്നും എന്ത് നടപടി എടുത്തു എന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരം കൈമാറിയിട്ടുള്ള വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വിവിധതലങ്ങളിൽ, വിവിധ ഏജൻസികളിലും വകുപ്പുകളിലുമായി (സംസ്ഥാനത്തെ 1214 തദ്ദേശഭരണ സ്ഥാപനങ്ങളിലെ 14013 വാർഡുകളിലായി നടക്കുന്ന ജനകീയാസൂത്രണ പരിപാടികൾ സംബന്ധിച്ച) പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ അവയുടെ എണ്ണം കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ഈ പരാതികളുടെ ഗൗരവസ്വഭാവം കണക്കിലെടുത്ത് ജില്ലാ കളക്ടർമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, മുനിസിപ്പൽ ജോയിന്റ് ഡയറക്ടർമാർ, പഞ്ചായത്ത് ഡയറക്ടർ, മുനിസിപ്പൽ ഡയറക്ടർ, ഗവൺമെന്റ് സെക്രട്ടറി എന്നിവരിലൂടെ അന്വേഷണം നടത്തിവരുന്നു. അന്വേഷണ റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് കുറ്റക്കാരായവരുടെ മേൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതീവ ഗുരുതരമായ ആരോപണങ്ങൾ അന്വേഷിക്കുവാൻ വിജിലൻസ് വകുപ്പിനും നിർദ്ദേശം നൽകുന്നുണ്ട്.

99 (601) റോഡുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്ത പി.ഡബ്ല്യു.ഡി. റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ കഴിഞ്ഞ രണ്ടുവർഷമായി നടക്കാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാർഷിക അറ്റകുറ്റപ്പണികൾ നടന്നിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ത്രിതല പഞ്ചായത്തുകളെ ഏൽപ്പിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്ത് തീർക്കാൻ പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി ആവശ്യമുള്ള ഫണ്ട് നൽകാത്തതാണ് കാരണമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അടുത്തവർഷമെങ്കിലും ആവശ്യമായ ഫണ്ട് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ആവശ്യമായ പണം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly